(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
ഇടുക്കി, തൊടുപുഴ
തീയതി: 05.01.2017

നം. കെ.എസ്.എ.ഐ.ഡി.കെ.13/6/2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇടുക്കി കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഇടുക്കി കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് -2015-16 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇടുക്കി കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3എന്നിവയിലെ ഖണ്ഡികളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3)കാര്യാലയ പകർപ്പ്

നം. കെ.എസ്.എ.ഐ.ഡി.കെ.13- 06/2017 തീയതി: 05.01.2017

# ഇടുക്കി ജില്ലയിലെ ഇടുക്കി കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,
1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)
****************************************

ഇടുക്കി ജില്ലയിലെ ഇടുക്കി കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 09.03.2016 മുതൽ 21.12.2016 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 5 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ ഒന്നിനും മറുപടി ലഭിച്ചിട്ടില്ല. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.എസ്. മുരളീദാസ്, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.12.2016 മുതൽ 29.12.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. റ്റി.ഒ. പോളി | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ജോസഫ് ചാക്കോ | സീനി. ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ബിനുമോൻ കെ.സി. | സീനി. ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ജോമോൻ ഫ്രാൻസിസ് | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.പി.ഡി.ശോശാമ്മ | 1.4.2015 മുതൽ 31.3.2016 വരെ |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ. ഇ.എം.തോമസ് | 1.4.2015 മുതൽ 31.3.2016 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി.സെക്രട്ടറി | ശ്രീ.നോബി.എം.ഐസക്ക് | 1.4.2015 മുതൽ 31.3.2016 വരെ |
| അസി.എഞ്ചിനീയർ | ശ്രീ.റ്റി.എം.രാധാകൃഷ്ണൻ | 1.4.2015 മുതൽ 31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ (അലോപ്പതി) | ഡോ.ബോധി.കെ | 1.4.2015 മുതൽ 31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ദീപക് കെ | 1.4.2015 മുതൽ 31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.സിന്ധു.കെ | 1.4.2015 മുതൽ 31.3.2016 വരെ |
| വെറ്ററിനറി സർജൻ | ഡോ. ഗ്ലാഡി.എം. വെമ്പള്ളി | 1.4.2015 മുതൽ 31.3.2016 വരെ |
| | ഡോ. ബിനോദ് .പി.ജി. | 1.4.2015 മുതൽ 31.3.2016 വരെ |
| | ഡോ.സരിതാ തങ്കച്ചൻ | 1.4.2015 മുതൽ 31.3.2016 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. ശ്രീല ഗോവിന്ദൻ | 1.4.2015 മുതൽ 31.3.2016 വരെ |
| | ശ്രീമതി.സി.എം.ഷൈല | 1.4.2015 മുതൽ 31.3.2016 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി പി.എൻ തങ്കമണി<br>ശ്രീമതി ജോളി കെ.പി | 1.4.2015 മുതൽ 31.12.2015 വരെ<br>4.1.2016 മുതൽ 31.3.2016 വരെ |
| വി.ഇ.ഒ. കഞ്ഞിക്കുഴി സർക്കിൾ | ശ്രീ.വി.എം.ഗിരീഷ് കുമാർ<br>ശ്രീ.വി.എം.ഗിരീഷ് കുമാർ (അധിക ചുമതല)<br>ശ്രീ.ഫൈസൽ | 1.4.2015 മുതൽ 31.3.2016 വരെ |

| | | |
|---|---|---|

ഉള്ളടക്കം



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വേരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | |
| | ഭാഗം 2 | |
| 12 | ബസ്റ്റാന്റുകൾക്ക് വാടക ലഭിക്കുന്നില്ല - തനതു വരുമാനത്തിൽ ഗണ്യമായ നഷ്ടം | 2-1 |
| 13 | വാടക സംബന്ധിച്ച അപാകതകൾ | 2-2 |
| 14 | പെർമ്മിറ്റ് ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നത് സംബന്ധിച്ച് | 2-3 |

| | | |
|---|---|---|
| | ഭാഗം 3 | |
| 15 | മരാമത്ത് പ്രവൃത്തികൾ – അപാകതകൾ | 3-1 |
| 16 | റോഡ് കോൺക്രീറ്റ്- അധികം തുക നൽകിയത് | 3-2 |
| 17 | ആശ്രയ പദ്ധതി-ലക്ഷങ്ങൾ ചെലവഴിക്കാതെ അവശേഷിക്കുന്നു. | 3-3 |
| 18 | ഇ.എം.എസ്. അക്കൗണ്ട്- അവശേഷിക്കുന്ന തുകയ്ക്ക് വ്യക്തതയില്ല | 3-4 |
| 19 | കാർഷിക മേഖല അവഗണിക്കപ്പെടുന്നു | 3-5 |
| 20 | മരുന്നുകൾ ലഭ്യമാകാത്തത് സംബന്ധിച്ച് | 3-6 |
| 21 | മീഡിയാശ്രീ - അപാകതകൾ - ചെലവ് തടസ്സം - ₹73000/- | 3-7 |
| 24 | അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പ്രവൃത്തികൾ നടപ്പിലാക്കുന്നതിൽ വീഴ്ച | 3-8 |
| 25 | സാമൂഹികക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നതിൽ വീഴ്ച- വി.ഇ.ഒ-നടപ്പിലാക്കാത്ത പദ്ധതികൾ നിരവധി | 3-9 |
| | ഭാഗം 4 | |
| 26 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 27 | ഡെപ്പോസിറ്റ് വർക്കിനു നല്കിയ തുകയുടെ വിവരങ്ങൾ | 4-2 |
| 28 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയത് | 4-3 |
| 29 | വായ്പ / വായ്പാ തിരിച്ചടവ് | 4-4 |
| 30 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 31 | ഓഡിറ്റ് റിക്കവറി | 4-6 |
| 32 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |

| | | |
|---|---|---|
| 33 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 34 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |
| 35 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ്/ പുതുക്കിയ ബജറ്റ് 25-03-2015 തീയതിയിലെ I-ാം തീരുമാനപ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ₹105611754/-, വരവ് ₹248434000/-, ചെലവ് ₹334591000/- എന്നിവ ഉള്ള ബജറ്റാണ് പാസാക്കിയത്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2015 | 24-5-2015 | -- | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 26-12-16 | ഓഡിറ്റ് സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിനോടൊപ്പം ഉൾപ്പെടുത്തിയിട്ടുണ്ട്. |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 5,35,67,203.00 |
| വരവ് | 8,96,07,852.00 |
| ആകെ | 143,175,055.00 |
| ചെലവ് | 11,52,66,380.00 |
| നീക്കിയിരിപ്പ് | 27,908,675.00 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 7406879 | | 7406879 | 7406879 | |
| വികസനഫണ്ട് എസ്.സി.പി. | 2912189 | 1601334 | 4513523 | 1615100 | |
| വികസനഫണ്ട് ടി.എസ്.പി. | 7798079 | 5666079 | 13464158 | 7913158 | |
| സംരക്ഷണഗ്രാന്റ് റോഡ് | 2463356 | 6031334 | 8494690 | 6211495 | |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1040182 | 3476000 | 4516182 | 4516182 | |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3200596 | 12606438 | 15807034 | 15795222 | |
| പെർഫോമൻസ് ഗ്രാന്റ് | 1001579 | -- | 1001579 | 1001579 | |
| എം.എൻ.ആർ.ഇ.ജി.എസ്. | 38198 | 462987 | 501185 | 501078 | |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 215 | 121358946 | 155 | | 11 | 49 | 47.09 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

- ഇല്ല -

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 30.4 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4678934 | 2938307 | -1740627 | -37.2 |

| | | | | |
|---|---|---|---|---|
| നികുതിയേതര വരവുകൾ | 883578 | 230630 | 652948 | 78.89 |
| മറ്റുവരവുകൾ | 68608 | 583894 | -515286 | -751.05 |
| ആകെ | 5631120 | 3919281 | -1711831 | -30.39 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 71520 | 60 |
| കർഷകതൊഴിലാളി പെൻഷൻ | 3398400 | 434 |
| വിധവാപെൻഷൻ | 4636000 | 696 |
| വാർദ്ധക്യകാലപെൻഷൻ | 9492600 | 1329 |
| വികലാംഗപെൻഷൻ | 2136300 | 228 |
| 50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 149600 | 19 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23-12-2016 4.00 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് നീക്കിയിരിപ്പ് ₹2005/- എന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഫ്രണ്ട് ഓഫീസ് സംവിധാനം തൃപ്തികരമാണ്. എന്നാൽ രജിസ്റ്ററുകളുടെയും രേഖകളുടേയും സൂക്ഷിപ്പിൽ വലിയ അലംഭാവമാണ് കാണിക്കുന്നത്. ചെലവ് വൗച്ചറുകൾ ടാഗ് ചെയ്യാതെ അലക്ഷ്യമായി ഫയൽബോർഡിൽ കെട്ടിവയ്ക്കുക മാത്രമാണ് ചെയ്യുന്നത്. ഇത് ഗുരുതരമായ വീഴ്ചയായി കാണുന്നു. തെരുവുവിളക്കുകളുടെ രജിസ്റ്റർ, ആസ്തി രജിസ്റ്റർ തുടങ്ങിയവ ആനുകാലികമാക്കിയിട്ടില്ല. വസ്തുനികുതിയിനത്തിൽ വളരെയധികം തുക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. വാർഷിക കണക്കുകൾ കൃത്യമായി തയ്യാറാക്കാൻ കഴിഞ്ഞിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25&26-11-16 | നവംബർ, 2016 | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | വിവരങ്ങൾ ലഭ്യമായിട്ടില്ല. | | |

## 1-12 വാർഷിക കണക്കുകളെ സംബന്ധിച്ച അപാകതകൾ

**1)** ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി എഴുതുന്നില്ല

അക്കൗണ്ട്സ് പ്രകാരം ₹21,88,056/- ഡെപ്പോസിറ്റായി നീക്കിയിരുപ്പുണ്ട്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ അതിന്റെ കൃത്യത അറിയാൻ കഴിയുന്നില്ല.

2) അക്കൗണ്ട്സ് പ്രകാരം വസ്തുനികുതിയിനത്തിൽ ₹61,00,569/-യും, തൊഴിൽ നികുതിയിനത്തിൽ ₹13,700,617/- യും ലഭിക്കാനുണ്ട്. രജിസ്റ്ററിന്റെ അഭാവത്തിൽ അതിന്റെ കൃത്യത പരിശോധിക്കാനായില്ല.

3) ഷെഡ്യൂൾ ബാങ്ക് -own a/c (ledger No. 450220106) ₹15,278/- നീക്കിയിരിപ്പുണ്ട്. അതിന്റെ പാസ് ബുക്ക് ഹാജരാക്കിയിട്ടില്ല.

4) SCB own fund

റിക്കൺസിലിയേഷൻ തയ്യാറാക്കിയതിലെ അപാകത താഴെ കൊടുക്കുന്നു

എ) 22/2/16-ലെ കാഷ് കളക്ഷൻ ₹24710/- ബാങ്കിൽ ക്രെഡിറ്റ് വന്നിട്ടില്ല എന്ന് കാണിച്ചിട്ടുണ്ട്. എന്നാൽ ടി തുക അന്നേ ദിവസം ബാങ്കിൽ വന്നിട്ടുണ്ട്.

ബി) ചെക്ക് നം. 201335/3.8.16 പ്രകാരം ഇഷ്യൂ ചെയ്ത (₹22050) പാസ് ബുക്കിൽ വന്നിട്ടില്ല എന്ന് കാണിച്ചിരിക്കുന്നു. എന്നാൽ ടി തുക ആ മാസം തന്നെ പാസ് ബുക്കിൽ വന്നിട്ടുണ്ട്.

**5)** IDCB DP Share a/c

അക്കൗണ്ട്സ് പ്രകാരം ₹1,68,074/- ടി അക്കൗണ്ടിൽ നീക്കിയിരുപ്പുണ്ട്. ഇപ്രകാരം ഒരു ബാങ്ക് അക്കൗണ്ട് പഞ്ചായത്തിൽ നിലവിലില്ല. ടി അക്കൗണ്ട് 22.6.13-ൽ ക്ലോസ് ചെയ്ത് വേറെ അക്കൗണ്ട് (അക്കൗണ്ട് നം. 12027120120001) IDCB തുടങ്ങിയിട്ടുണ്ട്. ടി അക്കൗണ്ടിൽ 31.3.16 ൽ ₹676205/- നീക്കിയിരുപ്പുണ്ട്. ഈ തുക വാർഷിക കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല. ടി അക്കൗണ്ടിലെ വരവ് ചെലവുകളും പഞ്ചായത്ത് കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

**6)** ബാങ്ക് അക്കൗണ്ട് നം. SCB WGDP General (842) എന്ന അക്കൗണ്ടിൽ വാർഷിക കണക്കുകൾ പ്രകാരം ₹846838/- നീക്കിയിരുപ്പുണ്ട്. എന്നാൽ പാസ് ബുക്കിൽ ₹772238/-

മാത്രമാണുള്ളത്. റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ₹69600/- ബാങ്ക് പാസ് ബുക്കിൽ directly debited എന്ന രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഇപ്രകാരമൊരു തുക പാസ് ബുക്കിൽ debit ചെയ്തിട്ടില്ല.

**7)** ജലനിധി അക്കൗണ്ട് (12810) – ബാങ്ക് ബുക്ക് പ്രകാരമുള്ള തുക പാസ് ബുക്ക് തുകയെക്കാൾ അധികമായതിനാൽ ₹593151/- 01.03.16 ൽ prior period programme expense എന്ന ഹെഡ്ഡിൽ ചെലവായി രേഖപ്പെടുത്തി ബാങ്ക് ബുക്കിൽ ക്രെഡിറ്റ് ചെയ്തിരിക്കുന്നു. ടി തുക പാസ് ബുക്കിൽ കുറവായത് എങ്ങനെയെന്ന് പരിശോധിക്കാതെ ബാങ്ക് ബുക്കിൽ ചെലവായി രേഖപ്പെടുത്തിയത് ഗുരുതരമായ അപാകതയായി കാണുന്നു. കുറവ് വന്ന തുക കണ്ടുപിടിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ബസ്സ്റ്റാന്റുകൾക്ക് വാടക ലഭിക്കുന്നില്ല - തനതു വരുമാനത്തിൽ ഗണ്യമായ നഷ്ടം

കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ കഞ്ഞിക്കുഴി, പഴയരിക്കണ്ടം, ചേലച്ചുവട് എന്നിവിടങ്ങളിലെ ബസ്സ്റ്റാന്റുകളിൽ നിന്നും ഫീസ് പിരിക്കുന്നത് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 20.6.2013 ലെ WP(C) No.15686/2013(1) ഉത്തരവ് പ്രകാരം താൽക്കാലികമായി നിരോധിച്ചിരുന്നു. റീജിണൽ ട്രാൻസ്പോർട്ട് അതോരിറ്റിയുടെ അംഗീകാരമില്ലാത്തതിനാലാണ് ഫീസ് പിരിക്കുന്നത് നിരോധിച്ചത്. തുടർന്ന് കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 30.07.2013 ലെ പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ റീജിയണൽ ട്രാൻസ്പോർട്ട് അതോരിറ്റിയുടെ 26.8.2014 ലെ ജി/4078 /2012/ഐ.ഡി നമ്പർ ഉത്തരവ് പ്രകാരം കഞ്ഞിക്കുഴിയിൽ സ്ഥിതി ചെയ്യുന്ന ബസ്സ്റ്റാന്റിന് മാത്രം അംഗീകാരം നൽകിയിട്ടുണ്ട്. അടുത്തടുത്തായി ബസ്സ്റ്റാന്റുകൾ നിർമ്മിക്കുന്നത് അശാസ്ത്രീയമാണെന്നും ആയതിനാൽ മറ്റ് ബസ്സ്റ്റാന്റുകളെ സംബന്ധിച്ച് പോലീസ് പൊതുമരാമത്ത് വകുപ്പ് എന്നിവയുടെ സാഹകരണത്തോടെ ഒരു ശാസ്ത്രീയ സംയുക്ത റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്ത് ഉത്തരവായിട്ടുണ്ട്.

കഞ്ഞിക്കുഴി ബസ്സ്റ്റാന്റിന് 26.8.2014 ൽ അംഗീകാരം ലഭിച്ചുവെങ്കിലും ഫീസ് പിരിച്ചെടുക്കുന്നതിന് നാളിതുവരെ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്നും തുടർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

ബസ്സ്റ്റാന്റ് ഫീസ് പിരിവ് ലേലത്തിൽ നൽകാത്തതിനാൽ അതിനോട് അനുബന്ധിച്ച് നിർമ്മിച്ച ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ വാടകയ്ക്ക് നൽകാനാവാത്ത അവസ്ഥയാണ് നിലവിലുള്ളത് അംഗീകാരം ലഭിച്ച കഞ്ഞിക്കുഴി ബസ്സ്റ്റാന്റിനുള്ള കോടതി സ്റ്റേ നീക്കുന്നതിനും ബസ്സ്റ്റാന്റ് ലേലത്തിൽ നല്കുന്നതിനുള്ള

അടിയന്തിര നടപടി സ്വീകരിക്കേണ്ടതുമാണ്. കൂടാതെ ചേലച്ചവട്, പഴയരിക്കണ്ടം എന്നിവിടങ്ങളിലുള്ള ബസ്റ്റാന്റുകൾ റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ നിർദേശാനുസരണം സംയുക്ത പരിശോധന നടത്തി അംഗീകാരം നേടുന്നതിനുള്ള നടപടികളും ത്വരിതപ്പെടുത്തേണ്ടതാണ്.

## 2-2 വാടക കൃത്യമായി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള താഴെ പറയുന്ന കെട്ടിടങ്ങളിലെ മുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ടെങ്കിലും വാടക ഈടാക്കുന്നില്ല.

| ക്രമ നം | കെട്ടിടം, മുറി നം | സ്ഥാപനത്തിന്റെ പേര് | റിമാർക്സ് |
|---|---|---|---|
| 1 | കീരിത്തോട് ഷോപ്പിംഗ് കോംപ്ലക്സ്, KTD – 1 | നന്മ സ്റ്റോർ | 20.6.2014 ലെ 25-ാം നമ്പർ കമ്മറ്റി തീരുമാനപ്രകാരം വാടക ഈടാക്കുന്നില്ല. |
| 2 | കീരിത്തോട് ഷോപ്പിംഗ് കോംപ്ലക്സ്, KTD – 23 | പോസ്റ്റ് ഓഫീസ് | വിശദാംശങ്ങൾ ഇല്ല |

മേൽ സ്ഥാപനങ്ങളിൽ നിന്നും വാടക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ താഴെ പറയുന്ന മുറികൾ വാടകയ്ക്ക് നൽകുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

| ക്രമ നം | കെട്ടിടം | വിശദാംശംങ്ങൾ | ആകെ ഒഴിവുള്ള മുറികളുടെ എണ്ണം |
|---|---|---|---|
| 1 | കീരിത്തോട് ഷോപ്പിംഗ് കോംപ്ലക്സ് | 21 E, 21 D, നമ്പർ മുറികൾ | 2 |
| 2 | അട്ടിക്കളം ഷോപ്പിംഗ് കോംപ്ലക്സ് | 1, 2 നമ്പർ മുറികൾ | 2 |
| 3 | കഞ്ഞിക്കുഴി പുതിയ ബസ്റ്റാന്റിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് | 1, 2, 5, 6 നമ്പർ മുറികൾ | 4 |

മേൽപറഞ്ഞ കെട്ടിടങ്ങൾ ലേലത്തിൽ നൽകി തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുംള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-3 കെട്ടിട പെർമ്മിറ്റ് ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

താഴെപറയുന്ന പെർമ്മിറ്റ് ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

| ക്രമ നം | പെർമ്മിറ്റ് നം | അപേക്ഷകന്റെ പേര് |
|---|---|---|
| 1 | സി13697/15 തീയതി 14.7.2015 | സുരേഷ് കുമാർ, ചേലച്ചവട് |
| 2 | ലഭ്യമല്ല | ഫാദർ.ജോർജ്, വികാർ, ആൽപ്പാറ |

| | | |
|---|---|---|
| 3 | സി1/02/2012<br>തീയതി 24.7.2015 | ജെൻസി ബേബി,<br>ചേലച്ചുവട് |
| 4 | സി1/4310/2015<br>തീയതി 25.8.2015 | ബിന്ദു എം.എസ്,<br>കഞ്ഞിക്കുഴി |

ഫയലുകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 മരാമത്ത് പ്രവൃത്തികൾ - റോഡ് മെയിന്റനൻസ് അപാകതകൾ

പഞ്ചായത്ത് തനത് വർഷം 2.57കോടി രൂപ മരാമത്ത് പ്രവൃത്തികൾക്കായി ചെലവഴിച്ചിട്ടുണ്ട്. ഇതിൽ അധികം തുകയും ചെലവഴിച്ചത് റോഡ് മെയിന്റനൻസ് ചെയ്യുന്നതിനാണ്. ഭൂരിപക്ഷം പ്രവൃത്തികളും കോൺക്രീറ്റിംഗ് ആണ്. കൂടാതെ റോഡ് ടാറിംഗ് പ്രവൃത്തികളും ചെയ്തിട്ടുണ്ട്. റോഡുകൾ മുഴുവൻ മെയിന്റനൻസ് ചെയ്യാതെ റോഡിന്റെ ചെറിയ ഭാഗം മാത്രം മെയിന്റനൻസ് ചെയ്യുന്നു. കോൺക്രീറ്റ് ചെയുന്ന റോഡുകളുടെ ആകെ നീളമോ കോൺക്രീറ്റ് ചെയ്യുന്ന ഭാഗത്തിന്റെ ചെയിനേജോ എസ്റ്റിമേറ്റ് റിപ്പോർട്ടിലോ എസ്റ്റിമേറ്റിലോ എംബുക്കിലോ ഒന്നും രേഖപ്പെടുത്തുന്നില്ല. ആയതിനാൽ ഭൗതീക പരിശോധന നടത്തി പ്രവൃത്തിയുടെ അളവ് പരിശോധിക്കാനും സാധ്യമല്ല. മാത്രമല്ല പ്രവൃത്തികൾ പൂർത്തിയാക്കി എന്നുള്ള മോണിറ്ററിംഗ് റിപ്പോർട്ടും ഒരു ഫയലിലും ഉള്ളടക്കം ചെയ്തിട്ടില്ല. ഓരോ വർഷവും ഒരേ റോഡ് തന്നെ കുറച്ച് ഭാഗം മെയിന്റനൻസ് ചെയ്യുന്നു. ഓരോ വർഷവും പുതിയ പ്രൊജക്ടായി പദ്ധതി നടപ്പിലാക്കുന്നതിനാൽ ഓരോ റോഡും ഇതുവരെ എത്ര മീറ്റർ നീളത്തിൽ എവിടെവരെ ഏതെല്ലാം ഭാഗത്ത് മെയിന്റനൻസ് ചെയ്തിട്ടുണ്ട് എന്നത് സംബന്ധിച്ച ഒരു വിവരവും പഞ്ചായത്തിൽ ലഭ്യമല്ല.

പ്രവൃത്തി ചെയ്ത എല്ലാ റോഡുകളുടേയും ആകെ നീളവും പ്രവൃത്തി ചെയ്ത ഭാഗത്തെ ചെയിനേജും ഫയലിലും എംബുക്കിലും രേഖപ്പെടുത്തേണ്ടതാണ്.

### 3-2 റോഡ് കോൺക്രീറ്റിംഗ് - അധികം നല്കിയ തുക അംഗീകരിക്കുന്നില്ല

റോഡ് കോൺക്രീറ്റിംഗിന് വെയറിംഗ് കോട്ടായി ചെയ്യുന്ന 1:2:4 അനുപാതത്തിലുള്ള കോൺക്രീറ്റിംഗിന് ഡാറ്റ DSR- 2014 ഐറ്റം നമ്പർ 4.1.3 പ്രകാരം ഇടുക്കി ജില്ലയിൽ നല്കാവുന്ന നിരക്ക് 7062/m3 ആണ്. എന്നാൽ നല്കിയ നിരക്ക് ഫ്ലോർ കോൺക്രീറ്റിംഗ് വെയറിംഗ് കോട്ടിംഗിന്റെ ഡാറ്റ ഐറ്റം നമ്പർ 11.7 പ്രകാരമുള്ള ഫിനിഷിംഗ് പ്രവൃത്തി ഉൾപ്പെടെയുള്ള നിരക്കായ 7440.40/m3 ആണ് . ഒരു ഘനമീറ്ററിന് ₹378.40/- അധികം നല്കിയിട്ടുണ്ട്.

<u>അധിക ചെലവിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു</u>

| ക്രമ നം. | പ്രോജക്ട് | കൺവീനർ | അളവ് ബുക്ക് നം. | ബിൽ നം./തീ./ തുക | അളവ് (എം3) | അനുവദിച്ച നിരക്ക്/ എം3 | തുക | അധികം നല്കിയ തുക 378.40/എം3 |
|---|---|---|---|---|---|---|---|---|
| 1 | 32/16 അമ്പല പറമ്പ് കരിശ്ശുമല റോഡ് കോൺക്രീറ്റിംഗ് | മലനോജ്. വി ഡി | 80/15-16 | 65/15-16 /29.01.16 / 2,60,000/- | 18 | 7440.40 | 1,33,927 | 6,811/- |
| 2 | 38/16, മൈലപുഴ എമ്പ്രയിൽ പടി ഇഞ്ചപ്പാറ റോഡ് കോൺക്രീറ്റിംഗ് | മോഹനൻ | 79/15-16 | 30/15-16/ 31.12.15/ 2,60,000/- | 18 | 7440.40 | 1,33,927 | 6,811/- |
| 3 | 38/16 മൈലപുഴ നിരപ്പേൽ പടി റോഡ് കോൺക്രീറ്റിംഗ് | ബിനേഷ് | 63/15-16 | 11/15-16/ 31.1.16/ 4,00,000/- | 17.4 | 7440.40 | 1,29,463/- | 6584/- |
| 4 | 48/16, മഴവടി ഓലിക്കൽ പടി റോഡ് കോൺക്രീറ്റിംഗ് റീച്ച് 2 | റഹിം തോപ്പിൽ | 3/15-16 | 39/15-16/ 2,60,000/- | 18 | 7440.40 | 1,33,927 | 6,811/- |
| 5 | 85/16, വെൺമണി രാജപ്പൻ കുഴിമുണ്ടയിൽ റോഡ് കോൺക്രീറ്റിംഗ് | ജിജി | 14/15-16 | 103/15-16/ 2,80,000/- | 18.70 | 7440.40 | 1,39,135/- | 7076/ |
| ആകെ | | | | | | | | 34093 |

അധികമായി നൽകിയ തുക കൺവീനർമാരിൽ നിന്നോ ഉത്തരവാദികളായ അസി.എഞ്ചിനീയർ, അസി.എക്സി.എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായോ ഈടാക്കേണ്ടതാണ്.

## 3-3 ആശ്രയ പദ്ധതി-ലക്ഷങ്ങൾ ചെലവഴിക്കാതെ അവശേഷിക്കുന്നു

2105-16-ൽ അസി.സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ആശ്രയ (ടി.എസ്.പി)പദ്ധതിയ്ക്കു വേണ്ടി ₹340679/- വകയിരിത്തിയിരുന്നു. ഇതിൽ നിന്നും 23/2/15,21/3/15,30/3/2015 എന്നീ തീയതികളിൽ യഥാക്രമം 18,00,000/- 10,00,000/- 6,06,079/- എന്നിങ്ങനെ തുകകൾ പിൻവലിച്ച് സി.ഡി.എസി-നു

നല്കിയിട്ടുണ്ട്. വർഷാവസാനം പണം ചെലവഴിച്ചതായി കാണിക്കാൻ വേണ്ടി മാത്രമാണ് തുക കൈമാറുന്നത്. ഈ തുകയിൽ നിന്നും ഒരു രൂപ പോലും സാമ്പത്തിക വർഷം ചെലവഴിച്ചിട്ടില്ല. കൂടാതെ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ആശ്രയ (ജനറൽ) പദ്ധതിയിക്കുവേണ്ടി ₹7,36,704/-യും സി.ഡി.എസി-നു നല്കിയിട്ടുണ്ട്. ഇതിൽ ₹4,50,000/- മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. 44 കുടുംബങ്ങളെ ഉൾപ്പെടുത്തി എസ്.സി ആശ്രയ പദ്ധതിയുടെ വിശദമായ പദ്ധതി രേഖ തയ്യാറാക്കിയിട്ടുണ്ടെങ്കിലും ഭക്ഷണത്തിനു മാത്രമാണ് തുക ചെലവഴിക്കുന്നത്. സാമ്പത്തിക വർഷാവസാനം ₹71,59,362/-യും 28/10/2016-ൽ സി.ഡി.എസ്.അക്കൗണ്ടിൽ അവശേഷിക്കുന്നു. കൂടാതെ 2016-17 വർഷം ആശ്രയ (ടി.എസ്.പി)പദ്ധതിയ്ക്കു വേണ്ടി ₹3250075/-യും ആശ്രയ (ജനറൽ) പദ്ധതിയ്ക്കുവേണ്ടി ₹8,00,000/-യും വകയിരിത്തിയിരുന്നു. നടപ്പു വർഷവും നാളിതുവരെ പദ്ധതികൾ നടപ്പിലാക്കി തുടങ്ങാത്തതിനാൽ ടി തുകകൾ കൂടി സി.ഡി.എസ്.അക്കൗണ്ടിലേയ്ക്ക് കൈമാറുന്നതോടെ അക്കൗണ്ടിലെ തുക ഒരു കോടി രൂപയിലധികമായി മാറുന്ന സാഹചര്യമാണുള്ളത്. സമൂഹത്തിലെ ഏറ്റവും ദുർബലരായ ജനവിഭാഗത്തിനായി ചെലവഴിക്കേണ്ട തുക ഇപ്രകാരം ബാങ്കിൽ സൂക്ഷിക്കുന്നത് ശരിയായ നടപടിയല്ല. നിക്ഷേപത്തിന് ലഭിക്കുന്ന പലിശ പോലും പൊതുജനോപയോഗപ്രദമായി ഉപയോഗിക്കുന്നില്ല. പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുവാൻ സാധിക്കാത്ത പക്ഷം പിൻവലിച്ച മുഴുവൻ തുകയും തിരികെ സർക്കാരിലേയ്ക്ക് ഒടുക്കേണ്ടതാണ്.

## 3-4 ഇ.എം.എസ്. അക്കൗണ്ട്- അവശേഷിക്കുന്ന തുകയ്ക്ക് വ്യക്തതയില്ല

ഇ.എം.എസ് ഭവനപദ്ധതിയ്ക്കായി വി.ഇ.ഒ, പ്രസിഡന്റ് എന്നിവരുടെ പേരിൽ കഞ്ഞിക്കുഴി സർവ്വീസ് സഹകരണ ബാങ്കിൽ ആരംഭിച്ച 10552-ാം നമ്പർ അക്കൗണ്ടിൽ ₹60,93,527/- പദ്ധതി കാലയളവിനുശേഷവും അവശേഷിക്കുന്നു. ഈ തുക എത്ര വീതം ഏതൊക്കെ ഉറവിടങ്ങളിൽ നിന്നും ലഭിച്ചതാണെന്നും, തിരികെ നല്കേണ്ട തുകയെ സംബന്ധിച്ചും വ്യക്തതയില്ല. പദ്ധതി കാലയളവിനുശേഷവും അവശേഷിക്കുന്ന തുകയുടെ കൃത്യത പരിശോധിച്ച് ബാലൻസ് നില്ക്കുന്ന തുക തിരിച്ചടയ്ക്കേണ്ടതാണ്.

## 3-5 കാർഷിക മേഖല അവഗണിക്കപ്പെടുന്നു

കാർഷിക മേഖലയ്ക്ക് ഏറെ പ്രാധാന്യമുള്ള ഭൂപ്രദേശമാണ് കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് . ജനസംഖ്യയുടെ ബഹുഭൂരിപക്ഷവും കുടിയേറ്റ കർഷകരും കർഷകത്തൊഴിലാളികളുമാണ്. നാണ്യവിളകളായ കുരുമുളക്, കാപ്പി, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവയ്ക്കൊപ്പം പച്ചക്കറികൃഷിക്കും കർഷകർ മുന്തിയ പരിഗണന നൽകുന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ജൈവവൈവിധ്യവും കാർഷികമേഖലയിലെ സാധ്യതകളും സമഗ്ര പഠനങ്ങൾക്ക് വിധേയമാക്കി നീർത്തട മാസ്റ്റർപ്ലാൻ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരം വാങ്ങിയിട്ടുള്ളതുമാണ്. എന്നാൽ ഈ മേഖലയിലെ പ്രവർത്തനങ്ങൾ

ഏകോപിപ്പിക്കുന്നതിനും വിദഗ്ധ ഉപദേശങ്ങൾ നൽകുന്നതിനുമായി ടി വിഷയങ്ങളിൽ വൈദഗ്ദ്ധ്യവും പരിചയസമ്പത്തും നേടിയ കൃഷി ഓഫീസറുടെ സേവനം ലഭ്യമാണെങ്കിലും അത് ഫലപ്രദമായി വിനിയോഗിക്കുന്നതിന് ഗ്രാമപഞ്ചായത്ത് ശ്രമങ്ങൾ നടത്തിയിട്ടില്ല. ഓഡിറ്റ് വർഷം കിണർ നിർമ്മാണത്തിനുള്ള സബ്സിഡി വിതരണമെന്ന ഒരു പ്രോജക്ട് മാത്രമാണ് ആസൂത്രണം ചെയ്ത് നടപ്പാക്കിയത്. കാർഷികമേഖലയുടെ സമഗ്രവികസനത്തിന് ഉതകുന്ന നൂതനമായ അനേകം പ്രോജക്ടുകളും അവയ്ക്ക് അനുവദനീയമായ സബ്സിഡിനിരക്കുകളും വിശദമായി പഞ്ചവത്സരപദ്ധതി മാർഗരേഖയിൽ പ്രതിപാദിക്കുന്നുവെങ്കിലും അതിനെ ആസ്പദമാക്കി പ്രോജക്ടുകൾ ആസൂത്രണം ചെയ്യുന്നതിൽ അധികൃതർ വിമുഖത കാണിക്കുന്നത് അതീവ ഗൗരവമർഹിക്കുന്നു. കൃഷി ഓഫീസറുടെ സേവനം പരമാവധി പ്രയോജനപ്പെടുത്താനുതകും വിധമുള്ള പ്രോജക്ടുകൾ ആവിഷ്ക്കരിച്ച് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഭരണസമിതി വർക്കിംഗ് ഗ്രൂപ്പ് എന്നിവയുടെ സജീവശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 3-6 മരുന്നുകൾ ലഭ്യമാകാത്തത് സംബന്ധിച്ച്

ഗ്രാമപഞ്ചായത്ത് തൻവർഷത്തെ പദ്ധതിയിലുൾപ്പെടുത്തി മരുന്നുകൾ വാങ്ങുന്നതിനു സർക്കാർ ഏജൻസിക്ക് തുക കൈമാറിയെങ്കിലും നാളിതുവരെ പ്രസ്തുത ഔഷധങ്ങൾ വിതരണം ചെയ്തിട്ടില്ല. പി.എച്ച്.സിയിലെ മെഡിക്കൽ ഓഫീസർ, മുഖേന നടപ്പാക്കിയ ടി പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ, പ്രോജക്ട് നം, പേര് | നിർവഹണ ഏജൻസി | കൈമാറിയ തുക | ഡിഡി.നം. തീയതി | വിതരണം ചെയ്ത മരുന്നുകളുടെ മൂല്യം | ക്രമീകരിക്കാൻ ശേഷിക്കുന്ന തുക |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി-21/16<br>പി.എച്ച്.സിക്ക് മരുന്നു വാങ്ങൽ | കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ<br>തിരുവനന്തപുരം | 58550 | ബിൽ നം.6<br>23.3.16 | 29546 | 29004 |

## 3-7 മീഡിയാശ്രീ - നൽകിയ തുക വിനിയോഗിച്ചില്ല - ചെലവ് തടസ്സം - ₹65000/- നഷ്ടം- ₹8000/-

| | | |
|---|---|---|
| പദ്ധതി | : | മീഡിയാശ്രീ (SO10/16) |
| ചെലവ് | : | ബിൽ നം.4/15-16/28.7.15/65,000/-(DDNo.691046 /29.7.15)<br>5/15-16/28.7.15/8,000/- (DD No.691047/29.7.15) |

1. ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ ചരിത്രവും വർത്തമാനവും പദ്ധതികളും മറ്റും ഡോക്യുമെന്ററി ചിത്രങ്ങളാക്കി പുറത്തിറക്കുന്നതിന് പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ കുടുംബശ്രീ ഇടുക്കി ജില്ലാ മിഷൻ ഡയറക്ടർക്ക് ₹65,000/- നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ പ്രസ്തുത ഡോക്യുമെന്ററി ചിത്രങ്ങൾ പഞ്ചായത്തിൽ ലഭ്യമായിട്ടില്ല.

2. സർക്കാർ ഉത്തരവ് (സാധാ)നം.813/2015/ത.സ്വ.ഭ.വ./20.3.15 പ്രകാരം ₹65,000/- യാണ് കുടുംബശ്രീ സ്റ്റേറ്റ് മിഷന് പഞ്ചായത്ത് വിഹിതമായി നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളത്. എന്നാൽ ₹8,000/- അധികമായി ഉൾപ്പെടുത്തി ₹73,000/- ന്റെ പദ്ധതി തയ്യാറാക്കി മേൽ ബില്ലുകൾ പ്രകാരം ₹73,000/- പിൻവലിച്ചിട്ടുണ്ട് . എന്നാൽ ₹65,000/- കുടുംബശ്രീ മിഷനിൽ കൈപ്പറ്റിയതിന്റെ രസീത് മാത്രമാണ് ഫയലിലുള്ളത് ₹8,000/- ന്റെ കൈപ്പറ്റില്ല. ഇത് സംബന്ധിച്ച് 24.12.16 ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ നിലനിൽക്കുന്നതിനാൽ പ്രസ്തുത പദ്ധതിക്കായി അധികമായി പിൻവലിച്ച ₹8000/- ഓഡിറ്റിൽ നിരാകരിക്കുന്നു. ശേഷമുള്ള ₹65000/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-8 അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്ധ്യോഗസ്ഥനായ പ്രവൃത്തികൾ നടപ്പിലാക്കുന്നതിൽ വീഴ്ച

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തേണ്ടുന്ന പല പ്രവൃത്തികളും 2015-16-ൽ നടപ്പാക്കിയിട്ടില്ല. ധാരാളം പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾ ഉള്ള പഞ്ചായത്തിൽ ഇവരുടെ ഉന്നമനത്തിനായി ആവിഷ്കരിച്ച പദ്ധതികൾ പലതും പാഴായിരിക്കുന്നു. ചില വിശദാംശങ്ങൾ ചുവടെ നല്കുന്നു.

| പ്രൊജക്ട്നം | പ്രവൃത്തിയുടെ പേര് | അടങ്കൽ | ചെലവഴിച്ച തുക |
|---|---|---|---|
| 230 | എസ്.സി.പ്രൊഫഷണൽ കോഴ്സ് വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വിതരണം | 5,02,000 | 00 |
| 229 | എസ്.ടി.പ്രൊഫഷണൽ കോഴ്സ് വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വിതരണം | 4,75,300 | 00 |
| 19 | ഭവന നിർമ്മാണം.(S.C) | 18,00,000 | 00 |
| 18 | ഭവന നിർമ്മാണം.(S.T) | 35,00,000 | 3,15,00 |

കൂടാതെ ആശ്രയ (ടി.എസ്.പി) പദ്ധതിയ്ക്കായി വകയിരുത്തിയ ₹34,06,079/- സാമ്പത്തിക വർഷാവസാനം സി.ഡി.എസിന് കൈമാറിയെങ്കിലും ഈ ഇനത്തിലും തുകയൊന്നും ചെലവഴിക്കപ്പെട്ടിട്ടില്ല. ചുരുക്കത്തിൽ പട്ടികജാതി,പട്ടികവർഗ്ഗവിഭാഗങ്ങളുടെ ഉന്നമനത്തിനായി

ചെലവഴിക്കപ്പെടേണ്ട ₹96,83,379/- തൻവർഷം നഷ്ടപ്പെട്ടിരിക്കുന്നു. ദുർബല ജനവിഭാഗങ്ങളുടെ ഉന്നമനത്തിനായി സർക്കാർ ആവിഷ്കരിക്കുന്ന പദ്ധതികൾ യഥാസമയം പൂർത്തീകരിക്കപ്പെടുന്നുവെന്ന് ഭരണസമതി ഉറപ്പാക്കേണ്ടതാണ്.

## 3-9 സാമൂഹികക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നതിൽ വീഴ്ച- വി.ഇ.ഒ- നടപ്പിലാക്കാത്ത പദ്ധതികൾ നിരവധി

വി.ഇ.ഒ നിർവ്വഹണം നടത്തുന്നതിനായി ആവിഷ്കരിച്ച പല പ്രവൃത്തികളും 2015-16-ൽ നടപ്പാക്കിയിട്ടില്ല. ധാരാളം പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾ ഉള്ള പഞ്ചായത്തിൽ ഇവരുടെ ഉന്നമനത്തിനായി ആവിഷ്കരിച്ച പദ്ധതികൾ എല്ലാം പാഴായിരിക്കുന്നു. ചില വിശദാംശങ്ങൾ ചുവടെ നല്കുന്നു.

| പ്രൊജക്ട് നം | പ്രവൃത്തിയുടെ പേര് | അടങ്കൽ | ചെലവഴിച്ച തുക |
|---|---|---|---|
| 25 | ബയോഗ്യാസ് പ്ളാന്റ് | 20,847,48 | 00 |
| 212 | ജവഹർ ഭവനപദ്ധതി | 2,16,00,000 | 00 |
| 187 | ഭവന നിർമ്മാണം.(S.C) | 6,00,000 | 00 |
| 188 | ഭവന നിർമ്മാണം.(S.T) | 91,50,000 | 00 |
| 190 | ഭവന നിർമ്മാണം.(S.C) | 3,40,000 | 80000 |
| 191 | ഭവന നിർമ്മാണം.(S.T) | 20,50,000 | 00 |
| 192 | വീട്മെയ്ന്റൻസ്(S.T) | 400000 | 00 |
| 193 | കക്കൂസ് നിർമ്മാണം (S.T) | 288600 | 00 |
| 195 | ഭവന നിർമ്മാണം.(S.T) | 3,00,000 | 00 |
| 196 | വീട്മെയ്ന്റൻസ്(S.C) | 2,25,000 | 25,000 |
| 197 | കക്കൂസ് നിർമ്മാണം | 84,00,000 | 00 |

2015-16 സാമ്പത്തിക വർഷം വി.ഇ.ഒ നിർവ്വഹണോദ്യോഗസ്ഥനായി ₹3,73,87,348/-യുടെ പദ്ധതികൾ ആവിഷ്കരിച്ചിരുന്നുവെങ്കിലും നടപ്പിലാക്കുവാൻ സാധിച്ചത് ₹2,89,000/-യുടെ പദ്ധതികൾ മാത്രമാണ്. യാഥാർത്ഥ്യബോധം ഇല്ലാതെ പദ്ധതികൾ തയ്യാറാക്കുന്നതു മൂലമാണ് ഇപ്രകാരം സംഭവിക്കുന്നത്. ദുർബല ജനവിഭാഗങ്ങളുടെ ഉന്നമനത്തിനായി സർക്കാർ ആവിഷ്കരിക്കുന്ന പദ്ധതികൾ യഥാസമയം പൂർത്തീകരിക്കപ്പെടുന്നുവെന്ന് ഭരണസമതി ഉറപ്പാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നം. | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| | - ഇല്ല - | | | |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| - ഇല്ല - | | | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | കൺവീനർ | ബിൽ വൗച്ചർ നമ്പർ | തുക | ക്രമീകരിച്ചത് | ബാക്കി | റിമാർക്സ് |
|---|---|---|---|---|---|---|---|
| - ഇല്ല - | | | | | | | |

## 4-4 വായ്പ/തിരിച്ചടവ് എന്നിവയുടെ വിവരം

കെ.യു.ആർ.ഡി.എഫ്.സി.യിൽ നിന്നും 2011-12 മുതൽ 2013-14 വരെ ആകെ ₹8824633/- ബസ് സ്റ്റാൻഡ് നിർമ്മാണത്തിനായി വായ്പയെടുത്തിരുന്നു. എന്നാൽ നാളിതു വരെ എത്ര തുക തിരിച്ചടച്ചിട്ടുണ്ടെന്നും ഇനി എത്ര തുക തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടെന്നും കൃത്യമായി രേഖപ്പെടുത്തുന്ന രജിസ്റ്റർ പരിപാലിക്കുന്നില്ല. വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നല്കിയിട്ടില്ല. ആയതിനാൽ വിശദാംശങ്ങൾ ഉൾപ്പെടുത്തുവാൻ സാധിച്ചിട്ടില്ല.

വാർഷിക കണക്കുകൾ പ്രകാരം മുൻബാക്കി ലോൺ തുക ₹29,13,650/- യും നീക്കിബാക്കി തുക ₹31,99,811/- ആണ്.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം<br>1. 500000+144235 (പലിശ)<br>2.1000000+421190 (പലിശ)<br>----------------------<br>ആകെ 2065425<br>================== | 2065425 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 2065425 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2065425 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക | രസീത് നം. |
|---|---|---|
| ഇടുക്കി ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക്, | 500000 | 0030415 |
| ഇടുക്കി ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക്, | 1000000 | 0030056 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹2350/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക (₹) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/തീയതി |
|---|---|---|---|---|
| 2013-14 | 3-1 | 2350 | ഡോ.സരിതാ തങ്കച്ചൻ, വെറ്ററിനറി സർജൻ | 11504102339/8-1-16 |
| | ആകെ | 2350 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | | 2002-03 | 7.6.6(ii) | 1999-2000 വർഷത്തിൽ എസ്.സി.പി. വിഭാഗത്തിലുള്ളവർക്ക് നടീൽ വസ്തുക്കൾ (കശുമാവിൻ തൈകൾ) വിതരണം ചെയ്തതിൽ 20.8.1998 ലെ സ.ഉ.(പി) നമ്പർ 175/98/ത.ഭ.വ. എന്ന ഉത്തരവിൽ നിഷ്കർഷിച്ച പരിധിയിലുമധികം സബ്സിഡി നൽകിയതിന് നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസറുടെ പേരിൽ ₹57000/- ബാദ്ധ്യത നിശ്ചയിച്ചത് | പഞ്ചായത്തിന് നഷ്ടമായ രൂ-57000/- ശ്രീ. ജോർജ്.വി. തോമസിൽ നിന്നും ഈടാക്കി നൽകുന്നതിന് ഇടുക്കി പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് 11.9.2012 ൽ കത്ത് നൽകി. |

| | | | | | |
|---|---|---|---|---|---|
| 2004-05 | 2-2 | 2006-07 | 3.35.3 | രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കാത്തത് സംബന്ധിച്ച് | രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ട് |
| 2004-05 | 3-12 | 2006-07 | 3.3.6.1 | ബയോഗ്യാസ് പ്ലാന്റ് നിർമ്മാണത്തിലെ അപാകത സംബന്ധിച്ച്. | ₹ 16800/-യിൽ ₹15792/- താഴെ പറയുന്ന രസീതുകൾ പ്രകാരം ഒടുക്കി. ₹1008/- ഒടുക്കുവാൻ അവശേഷിക്കുന്നു. |
| ശ്രീ. ജോസഫ് ഐസക് മുൻമെമ്പർ -78/46519/25.11.06 - 14280 | | | | | |
| ശ്രീ. എം.കെ. ചന്ദ്രൻകുഞ്ഞ് 79/46519 /25.11.06 – 1512<br>15792 | | | | | |
| | | 2011-12 | 2.4 | തപാൽപ്പെട്ടി, പരാതിപ്പെട്ടി,റാമ്പ് സംവിധാനം, പ്രഥമ ശുശ്രൂഷ കിറ്റ്, സ്റ്റേഷനറി എന്നിവ ഒരുക്കിയിട്ടില്ല. ഫ്രണ്ട് ഓഫീസിൽ പ്രദർശിപ്പിക്കേണ്ട വിവിധ ബോർഡുകൾ സ്ഥാപിച്ചിട്ടില്ല. | തപാൽപ്പെട്ടി, പരാതിപ്പെട്ടിഎന്നിവ സ്ഥാപിച്ചിട്ടുണ്ട്.പ്രഥമ ശുശ്രൂഷ സംവിധാനം സ്റ്റേഷനറി എന്നിവ ഫ്രണ്ട് ഓഫീസിൽ സ്ഥാപിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസിൽ പ്രദർശിപ്പിക്കേണ്ട വിവിധ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. |
| | | 2013-14 | 5.2.4(1) | സ്കൂളുകളിലെ ശുദ്ധജല വിതരണം കാര്യക്ഷമമല്ല. | ശുദ്ധജല വിതരണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| | | 2013-14 | 5.2.4(9) | സ്കൂൾ ചുറ്റമതിൽ ഇല്ലാത്തത് | സ്ഥലത്തിന്റെ ഉടമ ജില്ലാ പഞ്ചായത്ത് ആണ്. ചുറ്റമതിൽ നിർമ്മിക്കുവാൻ ജില്ലാ പഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| | | 2013-14 | 5.2.4(16) | വിദ്യാഭ്യാസ മേഖലയ്ക്ക് വകയിരുത്തുന്ന തുകകൾ അപര്യാപ്തം | വിദ്യാഭ്യാസ മേഖലയ്ക്ക് ആവശ്യമായ തുക വകയിരുത്തുന്നുണ്ട്. |
| | | 2013-14 | 5.2.4(18) | സ്കൂൾ വിദ്യാഭ്യാസ മേഖലയും സർവ ശിക്ഷാ അഭിയാനും | സർവ ശിക്ഷാ അഭിയാൻ അധികാരികൾക്ക് ആവശ്യമായ നിർദ്ദേശം നല്കിയിട്ടുണ്ട്. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 89607852/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 115266380/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 42093/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 65000/- |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-2 | 34093 | 17046 | ശ്രീ കെ.കെ. അയ്യപ്പൻ, അസി. എൻജിനീയർ |
| | | 17047 | ശ്രീ. ആർ സോമരാജൻ, അസി.എക്സികൃൂട്ടീവ് എഞ്ചിനീയർ |
| 3-7 | 8000 | | ശ്രീ. ഇ.എം. തോമസ്, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7 | 65000/- | ശ്രീ ഇ.എം. തോമസ്, സെക്രട്ടറി |

സി) കേന്ദ്ര - സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

- ഇല്ല -

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

- ഇല്ല -

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ കെ.കെ. അയ്യപ്പൻ, അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ, കുരിയനാട് ബ്ലോക്ക് പഞ്ചായത്ത് | പി. ഡബ്ല്യൂ. ഡി ക്വാട്ടേർഴ്സ്, നം. ഡി-39, പൈനാവ്, ഇടുക്കി കോളനി പിൻ-685602 |
| ശ്രീ. ആർ സോമരാജൻ, അസി. എക്സികൃൂട്ടീവ് എഞ്ചിനീയർ | അസി. എക്സികൃൂട്ടീവ് എഞ്ചിനീയർ, ഇടുക്കി ബ്ലോക്ക് | മംഗളപള്ളിയിൽ, വടക്കേതിൽ, വെട്ടുവേണി, ഹരിപ്പാട് |
| ശ്രീ. ഇ.എം. തോമസ്, സെക്രട്ടറി | സെക്രട്ടറി, കാമാക്ഷി ഗ്രാമപഞ്ചായത്ത്, ഇടുക്കി | ഇടമനകുന്നത്, പടമുഖം പി.ഒ., ഇടുക്കി |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1977-78 | എൽ.എഫ്.ഐ-9/485/99/10.11.1998 |

| | |
|---|---|
| 1978-79 | |
| 1979-80 | |
| 1980-81 | |
| 1981-82 | |
| 1982-83 | |
| 1983-84 | |
| 1984-85 | എൽ.എഫ്.ഐ-6/679/89/11.07.1990 |
| 1985-86 | എൽ.എഫ്.ഐ-6/565/90/05.10.1990 |
| 1986-87 | എൽ.എഫ്.ഐ-6/408/92/12.11.1992 |
| 1987-88<br>1988-89 | എൽ.എഫ്.ഐ-6/648/92/12.11.1992 |
| 1989-90 | എൽ.എഫ്.ഐ-6/200/93/23.11.1993 |
| 1990-91<br>1991-92 | എൽ.എഫ്.ഐ-6/440/93/23.11.1993 |
| 1992-93<br>1993-94 | എൽ.എഫ്.ഐ-6/444/94/17.10.1994 |
| 1994-95 | എൽ.എഫ്.ഐ-6/374/97/09.10.1997 |
| 1996-97 | എൽ.എഫ്.ഐ-9/132/98/20.10.1999 |
| 1997-98 | എൽ.എഫ്.ഐ-9/264/99/19.10.2000 |
| 1998-99 | എൽ.എഫ്.ഐ-9/127/99/09.02.2000 |
| 1999-00 | എൽ.എഫ്.ഐ-9/469/01/26.06.2002 |
| 2000-01 | എൽ.എഫ്.ഐ-9/452/03/31.12.2003 |
| 2001-02 | എൽ.എഫ്.ഐ-9/161/04/07.12.2014 |
| 2002-03 | എൽ.എഫ്.ഐ-9/690/04/06.05.2005 |

| | |
|---|---|
| 2003-04 | എൽ.എഫ്.ഐ-9/243/06/12.12.2006 |
| 2004-05 | എൽ.എഫ്.ഐ-9/99/07/30.03.2007 |
| 2005-06 | എൽ.എഫ്.ഐ-9/783/07/06.10.2007 |
| 2006-07 | എൽ.എഫ്.ഐ-9/558/08/12.02.2009 |
| 2007-08 | എൽ.എഫ്.ഐ-9/562/09/05.05.2011 |
| 2008-09 | എൽ.എഫ്.ഐ-13/301/11/06.05.2011 |
| 2009-10 | എൽ.എഫ്.ഐ-13/302/11/06.05.2011 |
| 2010-11 | എൽ.എഫ്.ഐ-13/144/13/11.06.2013 |
| 2011-12 | എൽ.എഫ്.ഐ-13/1067/13/15.03.2014 |
| 2012-13 | എൽ.എഫ്.ഐ-13/554/14/15.10.2014 |
| 2013-14 | കെ എസ് എ/ഐ ഡി കെ-13/1254/ 2015/ 01.11.2015 |
| 2014-15 | കെ.എസ്.എ.-ഐ.ഡി.കെ.-13/321/ 2016/10.05.16 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.ഐ.ഡി.കെ /13-06/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൊടുപുഴ,ഇടുക്കി
തീയതി: 05.01.2017

Ph: 04862227332

E-mail:doidk.ksad@kerala.gov.in

ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രജ് നിയമത്തിന്റെ 215 -ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ഇടുക്കി ജില്ലയിലെ ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്തിന്റെ 2015-16ലെ വാർഷിക ധനകാര്യപത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടിഡയറക്ടർ

ഇടുക്കി

KSAIDK-/13-06/2017

Kerala State Audit Department
District Audit Office,Idukki

Thodupuzha,Date:05.01.2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of IDUKKI-KANJIKUZHY Grama Panchayat in Idukki District for the year ended on 31.3.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994 ,the rules made there under and the guidelines issued by the Comptroller and Auditor General of India for purpose of audit of accounts of Panchayat Raj Institution.

In my opinion, the Financial Statements of IDUKKI-KANJIKUZHY Grama Panchayat for the year 2015-16 except observations in my Audit Report properly presents the picture of income & expenditure.

DEPUTY DIRECTOR

IDUKKI